(എഫ്) കമ്മിറ്റിയുടെ അനുമതി വാങ്ങിയശേഷം ആറ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ബാധകമല്ല.

(ഐ) 6 ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഇടുക്കി വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്തനംതിട്ട, കോട്ടയം റവന്യൂ ജില്ലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിനുള്ള നടപടി

123 (2063) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട, കോട്ടയം റവന്യൂ ജില്ലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ നിരവധി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നറിയിക്കാമോ ;

(സി) നിലവിൽ പി.എസ്.സി-യുടെ റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം വിഭാഗത്തിനാണ് ഉള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി. ലിസ്റ്റുകൾ നിലവിലുണ്ടായിട്ടും എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ നികത്താത്തതെന്ന് വിശദമാക്കുമോ ;

(ഇ) ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുകൾസംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ താഴെ കാണും പ്രകാരമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്)
2. എച്ച്.എസ്.എ. (കണക്ക്)
3. എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)
4. എച്ച്.എസ്.എ. (നാചറൽ സയൻസ്)
5. എച്ച്.എസ്.എ. (ഹിന്ദി)
6. എച്ച്.എസ്.എ. (മലയാളം)
7. എച്ച്.എസ്.എ. (സംസ്കൃതം)
8. എച്ച്.എസ്.എ. (അറബി)
9. പി.ഡി. ടീച്ചർ
10. ജൂനിയർ ഹിന്ദി (ഫുൾ ടൈം)
11. ജൂനിയർ ഹിന്ദി (പാർട്ട് ടൈം)
12. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (എച്ച്.എസ്.)
13. എൽ.ഡി. ക്ലാർക്ക്
14. പ്യൂൺ

കോട്ടയം ജില്ല

1. പ്രൈമറി ടീച്ചർ
2. എച്ച്. എസ്.എ. (മലയാളം)
3. എച്ച്. എസ്.എ. (ഹിന്ദി)
4. എൽ.ഡി. ക്ലാർക്ക്.

(ഡി & ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൽ.പി./യു.പി. സ്കൂളുകളിലെ അദ്ധ്യാപക നിയമനം

124 (2064) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ എൽ.പി./യു.പി. അദ്ധ്യാപകരുടെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ എത്ര എൽ.പി./യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly